# കാത്തിരിപ്പിന്റെ 'പുലരി'യുമായി സൂര്യകൃഷ്ണമൂർത്തി

**അമിയ മീത്തൽ**

പുലരി' കാത്തിരിക്കുന്നവരുടെയും കാത്തിരിക്കാനാരുമില്ലാത്തവരുടേയും കഥയാണ്. അഞ്ച് രൂപ നോട്ടിനേക്കാൾ വലിയ സംഖ്യ കണ്ടിട്ടില്ലാത്ത. നിഷ്കളങ്കരായ, ഹൃദയത്തിന്റെ വിശുദ്ധി സൂക്ഷിക്കുന്ന, സ്നേഹിക്കാനും നെടുവീർപ്പിടാനും മാത്രമറിയുന്ന ചാമുണ്ഡീപുരം ഗ്രാമവാസികളുടെ കഥ. വർത്തമാന കാലത്തിൽ വറ്റിപ്പോകുന്ന നന്മയുടേയും സ്നേഹത്തിന്റെയും നടുവിൽ പ്രതീക്ഷയുടെ നൊമ്പരവുമായി സൂര്യ കൃഷ്ണമൂർത്തി അണിയിച്ചൊരുക്കിയ ദൃശ്യ-ശ്രാവ്യ പരിപാടി 'പുലരി' അനുവാചകശ്രദ്ധ പിടിച്ചു പറ്റുന്നു.

ജീവിതത്തെ താളാനസൃതമായി മുൻപോട്ട് നയിക്കുന്നതിൽ കാത്തിരിപ്പിന്റെ മഹത്തായ പുണ്യമുണ്ട്, ത്യാഗമുണ്ട്. എന്നെങ്കിലുമൊരു ദിവസം എക്സ്പ്രസ്സ് തീവണ്ടി ചാമുണ്ഡീപുരത്ത് നിർത്തുന്നത് സ്വപ്നം കാണുന്ന സ്റ്റേഷൻ മാസ്റ്ററും ചുമരിൽ പറ്റെഴുതേണ്ടിവരില്ലാത്തൊരു ദിനം കാത്തിരിക്കുന്ന ചായക്കടക്കാരൻ നാണുനായരും അച്ഛൻ മടങ്ങി വരുന്നതും നോക്കിയിരിക്കുന്ന അമ്മുവും കാത്തിരിപ്പിന്റെ നീണ്ട വഴിയിൽ കണ്ണും നട്ടിരിക്കാൻ വിധിക്കപ്പെട്ടവരിൽ ചിലർ മാത്രം. ആരും വരാനില്ലെന്നറിഞ്ഞിട്ടും ചിലർ കാത്തിരിക്കുന്നു. ചിലർക്ക് വിധിയുടെ ആകസ്മിക സമ്മാനങ്ങൾ, പക്ഷെ ഭൂരിപക്ഷം പേരും കാത്തിരിപ്പിന്റെ അന്ത്യത്തിനൊടുവിൽ കിട്ടുന്നത് ഉടഞ്ഞ വിഗ്രഹങ്ങൾ, വേറെ ചിലർക്ക് വിധിയുടെ ആകസ്മിക സമ്മാനങ്ങൾ പക്ഷെ ഭൂരിപക്ഷം പേരും കാത്തിരിപ്പിന്റെ അന്ത്യത്തിനൊടുവിൽ ചെന്നെത്തുന്നത് മരണത്തിന്റെ ഇരുണ്ടമുഖത്ത്.

ഇന്ത്യൻ സ്വാതന്ത്ര്യത്തിനു തൊട്ടു മുമ്പാണ് കഥ നടക്കുന്നത് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിലുള്ള സമരജാഥയും നവഖാലി സംഭവവുമെല്ലാം നാണുനായരുടെ ചായക്കടയിലെ റേഡിയോ സംസാരിക്കുന്നുണ്ട്, വെള്ളക്കാരനെ ഇന്ത്യൻ മണ്ണിൽ നിന്നും തുരത്തുക യെന്ന ഏക ലക്ഷ്യം എത്രമാത്രം തീവ്രതയോടെ അന്ന് ഗ്രാമങ്ങൾ ഏറ്റുവാങ്ങിയതെന്നത് വെളിവാകുന്നു, ആരുടേയും പ്രസംഗം കേൾക്കാനിഷ്ടമില്ലാത്ത ഉപദേശി ഗാന്ധിയുടെ പ്രസംഗം കേൾക്കാൻ തന്നെക്കൂടെ കൂട്ടുമോയെന്ന് തയ്യൽക്കാരനോട് ചോദിക്കുമ്പോൾ. 'പുലരി'നമ്മുടെ മുൻപിലേക്കിട്ടു തരുന്നൊരു കഥാപാത്രമുണ്ട്, സ്വാതന്ത്ര്യം നേടി 54 വർഷം കഴിഞ്ഞിട്ടും റെയിൽവേ പ്ലാറ്റ്ഫോമിൽ കാത്തിരിപ്പ് തുടരുന്നൊരു ഗാന്ധിയൻ. അയാൾ വർത്തമാന ഭാരതത്തിന്റെ ദുരന്തമുഖം തിരിച്ചറിഞ്ഞ് ഒരു രണ്ടാം സ്വാതന്ത്ര്യ സമരത്തിനായും പുതിയൊരു ഗാന്ധിക്കായും കാത്തിരിക്കയാണെന്ന സൂചന നൽകി. 'പുലരി'അവസാനിക്കുന്നു. ഇതിൽ, അവസാനത്തെ വണ്ടി പോയില്ലേയെന്ന് സ്റ്റേഷൻ മാസ്റ്ററോട് ചോദിക്കുമ്പോൾ അയാൾ പറയുന്നൊരു മറുപടിയുണ്ട്, "അവസാനത്തെ വണ്ടിയെന്നൊന്നില്ല!, അവസാനം കഴിഞ്ഞാൽ വീണ്ടും ആദ്യമായി ആദ്യവും അവസാനവും എല്ലാമൊന്നുതന്നെ"ഒരു ജനതയുടെ സ്വത്വബോധത്തിനു നേരെ പോലും പ്രതിലോമ ശക്തികൾ വാളോങ്ങിക്കൊണ്ടിരിക്കുന്ന വേളയിൽ സമരങ്ങളുടെ കാര്യവും അങ്ങിനെതന്നെ. ശബ്ദവും വെളിച്ചവും തന്നെ നിയന്ത്രിച്ച്, ഒന്നരമണിക്കൂർ നീണ്ടു നിൽക്കുന്നയീ ദൃശ്യ-ശ്രാവ്യ പരിപാടിയവസാനിക്കുമ്പോൾ കാത്തിരപ്പിന്റെ സാഫല്യം തേടുന്നൊരു പുലരി പ്രേക്ഷകഹൃദയത്തിലും നിറയുന്നു.